ടെലഫോൺ: 0471 2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും) സംസ്ഥാന
വിഭാഗം തിരുവനന്തപുരം – 10

നമ്പർ.275/എ2/II–എസ്റ്റാ/2022/എൻ.സി.സി

29 സെപ്റ്റംബർ 2025

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

ഗ്രൂപ്പ് കമാണ്ടർ എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴസ്
തിരിവനന്തപുരം/കൊല്ലം/കോട്ടയം/എറണാകുളം/
കോഴിക്കോട്, എല്ലാ എൻ.സി.സി യൂണിറ്റുകളും
} (വെബ്സൈറ്റ് മുഖേന)

**എൻ.സി.സി വകുപ്പ് – FTS തസ്തികയിലെ ജീവനക്കാരുടെ സ്ഥലം മാറ്റം /PTS തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം വഴി FTS ആയി നിയമനം –അപേക്ഷ ക്ഷണിക്കുന്നത് – സംബന്ധിച്ച്**

1. എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴസ്, കോഴിക്കോട് സേവനമനുഷ്ഠിച്ചിരുന്ന ശ്രീ അബ്ദുൾ മുനീർ പി, (PEN: 825960) FTS, ക്ലാർക്ക് തസ്തികയിലേക്ക് പി.എസ്.സി മുഖേന നിയമനം ലഭിക്കുകയും, ടിയാൻ 22.09.2025 തീയതിയിൽ വിടുതൽ വാങ്ങി ക്ലാർക്ക് തസ്തികയിൽ നിയമിതനാവുകയും ഉണ്ടായി. തുടർന്ന ടി ഒഴിവിലേക്ക് ശ്രീ സുനിൽ കുമാർ കെ (PEN: 868274) FTS, 27 കേരള ബറ്റാലിയൻ എൻ.സി.സി, പാലക്കാട് നിന്നും കോഴിക്കോടേക്ക് സ്ഥലം മാറ്റം ആവശ്യപ്പെടുകയും, ശ്രീ സുനിൽ കുമാറിനെ പാലക്കാട് നിന്നും കോഴിക്കോട് ഉണ്ടായ ഒഴിവിലേക്ക് സ്ഥലം മാറ്റി നിയമിക്കുകയും ഉണ്ടായി. 27 കേരള ബറ്റാലിയൻ എൻ.സി.സി, പാലക്കാട് നിലവിൽ വന്ന FTS ഒഴിവിലേക്ക് സ്ഥലം മാറ്റം ആഗ്രഹിക്കുന്ന FTS തസ്തികയിലുള്ള ജീവനക്കാർ **2025 ഒക്ടോബർ 10** ന മുമ്പ് തന്നെ ഈ കത്തിനോടൊപ്പം അനുബന്ധമായി നല്കിയിരിക്കുന്ന നിശ്ചിത പ്രൊഫോർമയിൽ പൂരിപ്പിച്ച അപേക്ഷകൾ ഉചിതമാർഗ്ഗേണ ഈ ഡയറക്ടറേറ്റിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

2. കൂടാതെ ഖണ്ഡിക 1–ൽ സൂചിപ്പിച്ച പ്രകാരമുള്ള സ്ഥലം മാറ്റത്തിനു ശേഷം നിലവിൽ വരുന്ന Rs.23000–50200/– ശമ്പള നിരക്കിലുള്ള FTS തസ്തികയിലെ ഒഴിവിലേക്ക് സ്ഥാനക്കയറ്റം വഴി നിയമനം നടത്തുന്നതിന് എൻ.സി.സി വകുപ്പിൽ PTS തസ്തികയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന, താത്പര്യമുള്ള ജീവനക്കാരിൽ നിന്നും ഉചിതമാർഗ്ഗേന അപേക്ഷ ക്ഷണിക്കുന്നു. സീനിയോരിറ്റിയുടെ അടിസ്ഥാനത്തിലായിരിക്കും നിയമനം. നിലവിലെ തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാകാത്ത ജീവനക്കാരെ ടി സ്ഥാനക്കയറ്റം വഴിയുള്ള നിയമനത്തിന് പരിഗണിക്കുന്നതല്ല.

3. സ്ഥാനക്കയറ്റത്തിനായുള്ള നിയമനത്തിന് അപേക്ഷിക്കുന്ന PTS തസ്തികയിലുള്ള ജീവനക്കാർ പേര്, PEN, ഉദ്യോഗപ്പേര്, നിയമനത്തിന്റെ വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുത്തി വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷകൾ **2025 ഒക്ടോബർ 10** ന മുമ്പ് ഉചിതമാർഗേന ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

4. എല്ലാ ഗ്രൂപ്പ് ഹെഡ്ക്വാർട്ടറുകളും അവയുടെ കീഴിൽ വരുന്ന യൂണിറ്റുകളിലെ അപേക്ഷകൾ പരിശോധിച്ച് നിശ്ചിത സമയത്തിനു മുമ്പായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്.

5. എല്ലാ ഗ്രൂപ്പ് ഹെഡ്ക്വാർട്ടറുകളിലേയും യൂണിറ്റുകളിലേയും DDO, ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഈ കത്ത് ഡൗൺലോഡ് ചെയ്ത്, അപേക്ഷിക്കുവാൻ യോഗ്യരായ എല്ലാ ജീവനക്കാർക്കും നല്കി ആയത് രേഖപ്പെടുത്തി അവരുടെ ഒപ്പ് നിശ്ചയമായും വാങ്ങേണ്ടതാണ്.

വിശ്വസ്തതയോടെ

(സജിമോൻ എം)
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി

എൻ.സി.സി ഡയറക്ടറേറ്റ്
സംസ്ഥാന വിഭാഗം
തിരുവനന്തപുരം-10
കേരളവും ലക്ഷദ്വീപും

## അനുബന്ധം

## സ്ഥലം മാറ്റത്തിനുള്ള അപേക്ഷ

| | | | |
|---|---|---|---|
| 1 | പെൻ നമ്പർ | | |
| 2 | പേര് | | |
| 3 | വകുപ്പ് | | |
| 4 | തസ്തിക | | |
| 5 | ഫോൺ നമ്പർ | | |
| 6 | നിലവിലെ ഓഫീസ് | | |
| 7 | ജോലിയിൽ പ്രവേശിച്ച തീയതി | | |
| 8 | വിരമിക്കൽ തീയതി | | |
| 9 | നിലവിലെ ഓഫീസിൽ പ്രവേശിച്ച തീയതി | | |
| 10 | നിലവിലെ തസ്തികയിൽ പ്രവേശിച്ച തീയതി | | |
| 11 | സ്ഥിരം മേൽവിലാസം | | |
| 12 | സ്ഥലം മാറ്റം ആഗ്രഹിക്കുന്നത് ഏത് സ്റ്റേഷനിലേക്കാണ് | | |
| | ക്രമ നമ്പർ | സ്റ്റേഷൻ | ഓഫീസിന്റെ പേര് |
| | | | |
| | | | |
| 13 | സ്ഥലം മാറ്റത്തിനുള്ള കാരണം | | |
| 14 | മേൽ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങൾ പൂർണമായും സത്യമാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. | | |

അപേക്ഷകന്റെ ഒപ്പ്

ഓഫീസ് :

തീയതി :